(ഡി) വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായിട്ടുള്ള എല്ലാ നിർമ്മിതികളും വകുപ്പിലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ സ്ട്രക്ചറൽ, കെമിക്കൽ കൺസർവ്വേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ തനിമ നിലനിർത്തുന്നതിനുവേണ്ടി, കെട്ടിടം നിർമ്മിച്ചിരുന്ന അതേ വസ്തുക്കൾക്കൊണ്ടുതന്നെ സംരക്ഷണപ്രവർത്തനങ്ങളും നടത്തുന്നു.

ആരാധനാലയങ്ങളിലെ ചുവർചിത്രങ്ങൾ

32 [612] *ശ്രീ. എ. കെ. മണി:*

,, *എം. കെ. പോൾസൺ മാസ്റ്റർ:*

,, *വർക്കല കഹാർ:*

,, *പ്രയാർ ഗോപാലകൃഷ്ണൻ:*

,, *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആരാധനാലയങ്ങളിൽ ചുവർചിത്രങ്ങളുണ്ട്;

(ബി) ഏതെല്ലാം ആരാധനാലയങ്ങളിൽ ഹെറിട്ടേജ് സ്വഭാവത്തിലുള്ളതോ അപൂർവ്വങ്ങളോ ആയ വസ്തുവകകളുണ്ട്;

(സി) മങ്ങിയ ചുവർചിത്രങ്ങൾ പൂർവ്വരൂപത്തിലാക്കുവാനും ഹെറിട്ടേജ് സ്വഭാവത്തിലുള്ളതും അപൂർവ്വങ്ങളുമായ വസ്തുക്കളെ സംരക്ഷിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലുള്ള താഴെ പറയുന്ന ആരാധനാലയങ്ങളിൽ ചുവർചിത്രങ്ങളുണ്ട്:

(1) ത്രിവിക്രമംഗലം ക്ഷേത്രം, തമലം, തിരുവനന്തപുരം.

(2) പുണ്ഡരീകപുരം മഹാദേവക്ഷേത്രം, തലയോലപ്പറമ്പ്, വൈക്കം, കോട്ടയം ജില്ല.

(3) തൃക്കൊടിത്താനം വിഷ്ണുക്ഷേത്രം, ചങ്ങനാശ്ശേരി, കോട്ടയം ജില്ല.

(4) പാഴൂർ പെരുംതൃക്കോവിൽ, പിറവം, മൂവാറ്റുപുഴ, എറണാകുളം ജില്ല.

(5) ഊരമനക്ഷേത്രം, മേൽമൂറി, മൂവാറ്റുപുഴ, എറണാകുളം ജില്ല.

(6) തിരുനായത്തോട് ശിവനാരായണ ക്ഷേത്രം, അങ്കമാലി, എറണാകുളം ജില്ല.

(7) തിരുമാറാടി ശ്രീമഹാദേവ ക്ഷേത്രം, തിരുമാറാടി, മൂവാറ്റുപുഴ, എറണാകുളം ജില്ല.

LIBRARY ARCHIVES Kerala Legislative Assembly

(8) സെന്റ് ഫ്രാൻസിസ് സേവ്യർ ആന്റ് ഫറോന പള്ളി, വേലൂർ, തൃശ്ശൂർ ജില്ല.

(9) കോട്ടയ്ക്കൽ ശിവക്ഷേത്രം (ശ്രീവെങ്കടതേവർ ക്ഷേത്രം) കോട്ടയ്ക്കൽ, മലപ്പുറം ജില്ല.

(10) തൊടീക്കുളം ശിവക്ഷേത്രം, കണ്ണവം, കണ്ണൂർ ജില്ല.

(11) അനന്തപുരം ക്ഷേത്രം, കാസർഗോഡ്, കാസർഗോഡ് ജില്ല.

(ബി) പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിലുള്ള എല്ലാ ആരാധനാലയങ്ങളിലും അപൂർവ്വങ്ങളായ വസ്തുവകകളുണ്ട്. അവയും സംരക്ഷണത്തിൽപ്പെടുന്നവയാണ്.

(സി) പുരാവസ്തു വകുപ്പിന്റെ കീഴിൽ സംരക്ഷിത സ്മാരകങ്ങളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റീജിയണൽ കൺസർവേഷൻ ലാബറട്ടറി എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. മങ്ങിയ ചുവർചിത്രങ്ങളുടെയും, ഹെറിട്ടേജ് സ്വഭാവത്തിലുള്ളതും അപൂർവ്വങ്ങളുമായ വസ്തുക്കളുടെയും ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥന്മാർ ഈ കാര്യാലയത്തിൽ ഉണ്ട്. ടി ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ മങ്ങിയ ചുവർ ചിത്രങ്ങൾ പൂർവ്വരൂപത്തിലാക്കുകയും ഹെറിട്ടേജ് സ്വഭാവത്തിലുള്ളതും അപൂർവ്വങ്ങളുമായ വസ്തുക്കളെ സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.

അവശകലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി

33 [613] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശകലാകാരന്മാരുടെ പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെയുണ്ട്;

(ബി) ഇവ എന്നുമുതലുള്ള അപേക്ഷകളാണ് എന്ന് വ്യക്തമാക്കാമോ;

(സി) അവശകലാകാരന്മാരുടെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്; ഇത് എന്നത്തേക്ക് കൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 804.

(ബി) 7/3/2005-ലെ പത്രക്കുറിപ്പിലൂടെ അപേക്ഷ ക്ഷണിച്ചതുപ്രകാരം കിട്ടിയ അപേക്ഷകൾ.

(സി) 2005 മേയ് മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly